**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 247** — **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് മരണങ്ങളിലെ വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ** | | **Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മരണങ്ങൾ കുറയ്ക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യം ഉള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലും ആണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെ ഉള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സ് മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായം ഉള്ളവരിലാണ് (കേസ് = 17105, മരണം = 502, മരണ നിരക്ക് = 2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് = 50959, മരണം = 988, മരണ നിരക്ക് = 1.94 %). കൂടാതെ 91 വയസ്സ് മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് = 1.55%). കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്നു മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% |

| | | | |
|---|---|---|---|
| | | | ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചു വരുന്നുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിൽ നിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. എന്നിരുന്നാലും മരണസംഖ്യ കുറയ്ക്കുന്നതിനായി 60 വയസ്സിനു മുകളിൽ പ്രായമായവർ, ചെറിയ കുട്ടികൾ, ഗർഭിണികൾ, വൃക്കസംബന്ധമായ അസുഖ ബാധിതർ, കിടപ്പുരോഗികൾ ,പ്രമേഹ ബാധിതർ എന്നിവർക്ക് രോഗം ബാധിക്കാതിരിക്കുന്നതിനായി Reverse Quarantine നടപ്പിലാക്കി വരുന്നു. കോവിഡ് പ്രതിരോധ വാക്സിനുകൾ പരമാവധി ആളുകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോവിഡ് ആശുപത്രികളിൽ അധിക മാനവ വിഭവശേഷിയും അടിസ്ഥാന സൌകര്യങ്ങളും ഓക്സിജൻ ബെഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാർറൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ 50 % കിടക്കകൾ കോവിഡ് രോഗികൾക്കായി മാറ്റി വയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടുതൽ സർക്കാർ ആശുപത്രികളെ കോവിഡ് ആശുപത്രികളാക്കി മാറ്റുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. DCC, CFLTC, CSLTC എന്നിവയുടെ എണ്ണവും കിടക്കകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്. വീടുകളിൽ ചികിത്സയിൽ കഴിയുന്ന കോവിഡ് രോഗികൾക്കും രോഗബാധിതരായ രോഗികൾക്കും ഇ – സഞ്ജീവനി എന്ന പദ്ധതി പ്രകാരം ടെലി കൺസൾട്ടേഷനും സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | കോവിഡ് രോഗികൾക്ക് ആവശ്യമായ വെന്റിലേറ്ററുകളും ഓക്സിജൻ സിലിണ്ടറുകളും അടക്കമുള്ള ഉപകരണങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ജില്ലാ തലത്തിൽ ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ICU കിടക്കകളും വെന്റിലേറ്റർ സൗകര്യങ്ങളും ഓക്സിജൻ ബെഡുകളും സജ്ജീകരിച്ചിട്ടുണ്ട്. ആശുപത്രികളിൽ ഓക്സിജൻ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി വാർ റൂമുകൾ ക്രമീകരിച്ചിട്ടുണ്ട്. ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള ആശുപത്രികളിൽ കോവിഡ് രോഗികളുടെ ചികിത്സക്ക് വേണ്ടി താഴെ പറയുന്ന ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ  സർവീസ് കോർപറേഷൻ വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ആശുപത്രികളിൽ അതിന്റെ വിതരണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 1. Bulk Oxygen Cylinder D Type - 4000 2. High Flow Nasal Cannula Therapy Device with Oxygen High Flow meter-20 3. Oxygen Flow Meter with Humidifier- |

| | | | |
|---|---|---|---|
| | | | 10,000 4. ICU Ventilator-100 5. Multiparameter Monitor Stand-25 |
| (സി) | പോസ്റ്റ് കോവിഡ് രോഗങ്ങൾ മൂലം നിരവധി ആളുകൾ മരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോവിഡ് മുക്തരായ വ്യക്തികളുടെ മരണനിരക്ക് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | കോവിഡ് മുക്തരായവരിൽ പിന്നീട് പല രോഗങ്ങളും വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയെ പോസ്റ്റ് കോവിഡ് സിൻഡ്രോം എന്ന് വിശേഷിപ്പിക്കുകയും ഇവ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രി/ മെഡിക്കൽ കോളേജ് തലം വരെ ആരോഗ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ച വരുന്നു. 2020 ഒക്ടോബറിൽ തന്നെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു.. അതനുസരിച്ച് സംസ്ഥാനത്തെ PHC/CHC/FHCകളിലും THQ/DH/GH & MCH കളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചു. കോവിഡ് ബാധിച്ച വ്യക്തികൾക്ക് രോഗത്തിൽ നിന്നും മുക്തി നേടിയശേഷം കാണപ്പെടുന്ന മറ്റ് ശാരീരിക ബുദ്ധിമുട്ടുകൾക്കും മറ്റ് കോവിഡാനന്തര അസുഖങ്ങൾക്കും ചികിത്സ ലഭ്യമാക്കുന്നതിനാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ചത്. ഇത്തരത്തിൽ കോവിഡാനന്തര രോഗങ്ങളെ ചികിത്സിക്കുന്നതിന് സമയബന്ധിതമായി സർക്കാർ സ്വീകരിച്ച നടപടികൾ സംസ്ഥാനത്തെ മരണ നിരക്ക് കുറയ്ക്കാൻ സഹായകരമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ